**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2020-ലെ പൊതുതെരഞ്ഞെടുപ്പ് - ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും വരണാധികാരികളെ സ്ഥാനനിർദ്ദേശം ചെയ്തുകൊണ്ടുള്ള ലിസ്റ്റ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്**

**സ.ഉ.(സാധാ)നം.1486/2020/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം,10.08.2020**

---

പരാമർശം :- 1. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ 29.07.2020-ലെ ബി1/30047/2019/സം.തി.ക. നമ്പർ കത്ത്.

**ഉത്തരവ്**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 41-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 97-ാം വകുപ്പും പ്രകാരം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സർക്കാരുമായി കൂടിയാലോചിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പുകളിൽ ബന്ധപ്പെട്ട വരണാധികാരികളെ സ്ഥാനനിർദ്ദേശം ചെയ്യുകയോ നാമനിർദ്ദേശം ചെയ്യുകയോ ചെയ്യേണ്ടതുണ്ട്. ആയതിൻപ്രകാരം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ പരാമർശം 1-ലെ കത്ത് പ്രകാരം സംസ്ഥാനത്തെ മട്ടന്നൂർ ഒഴികെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് 2020-ൽ നടക്കുന്ന പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകളിലേക്കായി നടക്കുന്ന പൊതുതെരഞ്ഞെടുപ്പിൽ വരണാധികാരികളായും മുനിസിപ്പൽ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും വരണാധികാരികളായും സ്ഥാനനിർദ്ദേശം ചെയ്യുവാൻ ഉദ്ദേശിക്കുന്ന ഉദ്യോഗസ്ഥരുടെ പട്ടിക ബന്ധപ്പെട്ട ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ച് സമർപ്പിച്ചത് കമ്മീഷൻ അംഗീകരിച്ച് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ, പ്രസ്തുത പട്ടിക പരിശോധിച്ച് കമ്മീഷൻ സ്ഥാനനിർദ്ദേശം ചെയ്ത വരണാധികാരികളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുള്ള പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ ബിജു ഐ എ എസ്,**

**സ്പെഷ്യൽ സെക്രട്ടറി**

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ കമ്മീഷൻ.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ